LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കണ്ടറി പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം നടത്തുന്നതിനായി സർക്കാർ/എയ്ഡഡ് കോളേജുകളിൽ 85156 സീറ്റുകൾ നിലവിലുണ്ട്.

(ബി) ഓരോ ജില്ലയിലും സർക്കാർ/എയ്ഡഡ് മേഖലയിൽ ഇപ്പോൾ ഏതെല്ലാം കോളേജുകൾ നിലവിലുണ്ടെന്നും അവിടെയെല്ലാം ഏതെല്ലാം കോഴ്സുകൾക്ക് എത്ര സീറ്റുകൾ വീതമുണ്ടെന്നും വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത കോളേജുകളിൽ സീറ്റ് വർദ്ധനയും പുതിയ കോഴ്സുകളും അനുവദിക്കുമോ?

കേരളത്തിലെ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ 2021-22 അക്കാദമിക വർഷത്തേയ്ക്ക് ബിരുദ/ബിരുദാനന്തര പ്രോഗ്രാമുകൾക്ക് സീറ്റ് വർദ്ധന അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

സർവ്വകലാശാലകളിൽ ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ

140 (4528) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളം ഒഴികെയുള്ള സംസ്ഥാനങ്ങളിലെ നാൽപ്പത്തിരണ്ട് സർവ്വകലാശാലകൾക്ക് ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതിന് യു.ജി.സി. അനുമതി നൽകിയിരിക്കെ സംസ്ഥാനത്തെ സർവ്വകലാശാലകൾ അതിനായി അപേക്ഷപോലും നൽകാതിരുന്നതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്നത് സംബന്ധിച്ച് കേരളത്തിലെ വിവിധ സർവ്വകലാശാലകൾ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി

141 (4529) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലയിലും വിവിധ യൂണിവേഴ്സിറ്റി വകുപ്പുകളിലും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്രയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലയിലും വിവിധ യൂണിവേഴ്സിറ്റി വകുപ്പുകളിലും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 40 വയസ്സാണ്.

(ബി) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള നിലവിലെ പ്രായപരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സർക്കാരിലേക്ക് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള നിലവിലെ പ്രായപരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് യു.ജി.സി. നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേലെന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി സംബന്ധിച്ച് യു.ജി.സി. റെഗുലേഷൻ 2018-ൽ പ്രത്യേക നിർദ്ദേശങ്ങളൊന്നും പരാമർശിച്ചിട്ടില്ല.

(ഡി) എൻ.ടി കേഡറായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 45 വയസ്സായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടന്നുവരുന്നു.

(ഇ) അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രായപരിധി എടുത്തുകളയുന്നതിനുള്ള യു.ജി.സി. നിർദ്ദേശത്തിന്മേൽ യൂണിവേഴ്സിറ്റികൾ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ?

വിവിധ യൂണിവേഴ്സിറ്റികളിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല.

സർവ്വകലാശാലാ നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കാൻ നടപടി

142 (4530) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലഹരണപ്പെട്ട സർവ്വകലാശാല നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കേണ്ടതാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?